## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** — **06.02.2020-ൽ മറുപടിക്ക്**

**ചോദ്യം നം. 1412**

## മത്സ്യത്തൊഴിലാളികൾക്കായുള്ള ക്ഷേമപദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.ജെ. മാക്സി :** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളായി സംസ്ഥാനത്താകമാനമുള്ളവർ എത്രയെന്നും, ഇവരിൽ തീരദേശനിവാസികൾ എത്രയെന്നും, മത്സ്യബന്ധന-വിപണന-വിതരണമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ എത്രയെന്നുമുള്ള വിവരം ലഭ്യമാക്കാമോ; | (എ) | 2019-20 വർഷത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്താകമാനം 241572 സജീവ മത്സ്യത്തൊഴിലാളികൾ ഉണ്ട്. ഇതിൽ 190811 പേർ തീരദേശവാസികളും, 85531 പേർ മത്സ്യ അനുബന്ധ മേഖലയിൽ പ്രവർത്തിക്കുന്നവരും ആണ്. |
| (ബി) | പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് മുൻ സർക്കാരിന്റെ കാലയളവിൽ നൽകിയിരുന്ന സഹായങ്ങൾ/ആനുകൂല്യങ്ങൾ, വീടുവെച്ച് താമസത്തിനുള്ള സഹായം, പുനരധിവാസത്തിനായുള്ള സഹായങ്ങൾ എന്നിവ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | 13-ാം ധനകാര്യ കമ്മീഷൻ അവാർഡ്, ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി, മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവ ശേഷി വികസനവും എന്നിവയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്കായി ഭവന നിർമ്മാണം/ കോളനി നവീകരണം/ ഭവന നവീകരണം/ ടോയ്‌ലറ്റ് നിർമ്മാണം എന്നിവയും മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മത്സ്യത്തൊഴിലാളികൾക്കും അപകട ഇൻഷ്വറൻസ് പദ്ധതി, സൗജന്യ റേഷൻ, സമ്പാദ്യ സമാശ്വാസ പദ്ധതി, വിദ്യാഭ്യാസ ആനുകൂല്യം, സംസ്ഥാന സർക്കാരിന്റെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തി ടോയ്‌ലറ്റ് നിർമ്മാണ ധനസഹായം, കട്ടമരം വാങ്ങുന്നതിന് ധനസഹായം, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി പെൻഷൻ/ ഇൻഷ്വറൻസ് /തണൽ എന്നിങ്ങനെ വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.<br>മത്സ്യത്തൊഴിലാളി വനിതകൾക്കായി സാഫ് മുഖേന ചെറുകിട തൊഴിൽ |

| | | | |
|---|---|---|---|
| | | | സംരംഭങ്ങളുടെ വികസനം വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, സാങ്കേതിക വിദ്യാ നവീകരണം, തീരനൈപുണ്യ, കപ്പാസിറ്റി ബിൽഡിംഗ് , ബ്രാൻറിംഗ് & മാർക്കറ്റിംഗ് തുടങ്ങിയ പദ്ധതികൾ എന്നിവ പ്രകാരം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.<br>മത്സ്യഫെഡ് മുഖേന എഞ്ചിൻ സബ്സിഡി, മണ്ണെണ്ണ സബ്സിഡി, വലകൾക്ക് ധനസഹായം, എൻ.സി.ഡി.സി പദ്ധതി, പലിശ രഹിത വായ്പ, തുടങ്ങിയവ നൽകി വരുന്നു. |
| (സി) | ഈ സർക്കാർ ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. പദ്ധതിയുൾപ്പെടെ മറ്റ് പദ്ധതികളും സഹായങ്ങളുമായി നടത്തുന്ന തുടർപ്രവർത്തനങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കാമോ; | (സി) | ബി.ഐ.എഫ് & എച്ച്.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |
| (ഡി) | സംസ്ഥാനത്തെ പിന്നോക്കം നിൽക്കുന്ന മത്സ്യമേഖലയിലെ തൊഴിലാളി കുടുംബങ്ങളെ മുൻസർക്കാർ ഓരോവർഷവും എത്തരത്തിൽ സഹായിച്ചുവെന്നും, എത്രപേർക്കു സഹായം നൽകിയെന്നുമുള്ള വിവരം നൽകാമോ; | (ഡി) | വിശദാംശം അനുബന്ധം 2 ആയി ചേർക്കുന്നു. |
| (ഇ) | ഈ സർക്കാർ നിലവിലുള്ള പദ്ധതികൾക്കും സഹായങ്ങൾക്കുമൊപ്പം എന്തെല്ലാം തുടർപ്രവർത്തനങ്ങൾ നടത്തിയെന്നും, ഇതിനായി ഓരോ വർഷവും ചെലവഴിച്ച തുക എത്ര എന്നും, എത്രപേർക്കു സഹായം നൽകിയെന്നും വ്യക്തമാക്കാമോ? | (ഇ) | ഈ സർക്കാർ നിലവിലുള്ള പദ്ധതികൾക്കും സഹായങ്ങൾക്കുമൊപ്പം നടത്തിയ തുടർ പ്രവർത്തനങ്ങളും ഇതിനായി ഓരോ വർഷവും സാഫ് നൽകിയ സഹായങ്ങളും അനുബന്ധം 3 ആയി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 1

ബി.ഐ.എഫ് & എച്ച്.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ.
2. തീരദേശത്തെ ആരോഗ്യകേന്ദ്രങ്ങളുടെ സൗകര്യ വർദ്ധനവിനായുള്ള പദ്ധതികൾ.
3. അക്ഷര സാഗരം പദ്ധതി.
4. തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൈക്കിൾ വിതരണം.
5. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങി ഭവന നിർമ്മാണത്തിനുള്ള പദ്ധതി.
6. വേലിയേറ്റ മേഖലയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി.
7. തീരദേശ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ്സും.
8. തീരദേശ വിദ്യാലയങ്ങളിൽ അടുക്കള ഷെഡ്.
9. തീരദേശത്ത് സ്പോർട് സ് പ്രോത്സാഹനത്തിനായി ഗ്രൗണ്ട് നിർമ്മാണം.
10. മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതികൾ.
11. മത്സ്യത്തൊഴിലാളി ഭവന പുനരുദ്ധാരണ പദ്ധതി.
12. മാതാപിതാക്കൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളെ ദത്തെടുത്ത് പഠിപ്പിക്കുന്ന പദ്ധതി.
13. തീരദേശ വിദ്യാലയങ്ങളിൽ സ്പോർട് സ് സൗകര്യം ഏർപ്പെടുത്തുന്ന പദ്ധതി.
14. മത്സര പരീക്ഷകൾക്ക് മത്സ്യത്തൊഴിലാളികളുടെ മക്കളെ പ്രാപ്തരാക്കുന്നതിന് വിദ്യാതീരം പദ്ധതി.
15. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കരിയർ ഗൈഡൻസ്
16. മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണ പരിപാടി.
17. മത്സ്യത്തൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പ്.
18. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി.
19. തീരദേശത്തെ മത്സ്യത്തൊഴിലാളി ഭവനങ്ങൾക്ക് സുരക്ഷിത വയറിംഗ്.

**മറ്റു പദ്ധതികൾ (ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും നടപ്പിലാക്കുന്ന പദ്ധതികൾ**

1) പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ.
2) മറൈൻ ആംബുലൻസ്.
3) മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളി അപകട ഇൻഷ്വറൻസ്.
4) മത്സ്യത്തൊഴിലാളികൾക്ക് പൂരക വേതനം ഉറപ്പാക്കുന്ന തണൽ പദ്ധതി.
5) സമ്പാദ്യ സമാശ്വാസ പദ്ധതി.
6) മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷ ഉറപ്പാക്കാൻ ലൈഫ് ജാക്കറ്റ്, ലൈഫ് ബോയ് അനുവദിക്കുന്ന പദ്ധതികൾ.
7) മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ, ജി.പി.എസ്, ഇക്കോ സൗണ്ടർ എന്നിവ നൽകുന്ന പദ്ധതി.

8) മത്സ്യബന്ധന യാനങ്ങൾക്ക് ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ്.

9) മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി യാനങ്ങളും സുരക്ഷാ ഉപകരണങ്ങളും അനുവദിക്കുന്ന പദ്ധതി.

10) മേഖലാ ടെക്നിക്കൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി.

11) യാനങ്ങളും മത്സ്യബന്ധനോപകരണങ്ങളും സ്വായത്തമാക്കുന്നതിന് വായ്പാ ധനസഹായം.

12) മത്സ്യത്തൊഴിലാളികൾക്ക് വല, എഞ്ചിൻ എന്നിവയ്ക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതി.

13) മത്സ്യബന്ധന യാനങ്ങൾക്കുള്ള വായ്പയ്ക്ക് സബ്സിഡി.

14) മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾക്ക് ഷെയർ ക്യാപിറ്റൽ ധനസഹായം.

15) മത്സ്യത്തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ബോണസ്.

16) മത്സ്യഫെഡ് മുഖേനയുള്ള മത്സ്യത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതി.

17) മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി വനിതകൾക്കും പലിശ രഹിത വായ്പാ പദ്ധതി.

18) മത്സ്യത്തൊഴിലാളികൾ 2008 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസം.

19) മത്സ്യബന്ധന യാനങ്ങൾക്ക് മണ്ണെണ്ണ സബ്സിഡി.

20) മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്വയം സഹായ സംഘങ്ങൾ വഴി മൈക്രോ എന്റർപ്രൈസ് ആരംഭിക്കുന്നതിന് ധനസഹായം.

21) തീരനൈപുണ്യ പദ്ധതി.

22) അഷ്ടമുടി, വേമ്പനാട് കായലുകളിലെ മത്സ്യ സമ്പത്ത് സംരക്ഷണ പദ്ധതികൾ.

23) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം.

24) മത്സ്യത്തൊഴിലാളി പെൻഷൻ പദ്ധതി.

25) മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായ പദ്ധതി.

26) മാരക രോഗ ചികിത്സാ പദ്ധതി.

27) പ്രസവ ശുശ്രൂഷകൾക്കുള്ള ധനസഹായം.

28) അപകടം മൂലമുണ്ടാകുന്ന താല്ക്കാലിക അവശതയ്ക്കുള്ള ധനസഹായം നൽകുന്ന പദ്ധതി.

29) കുടുംബ സംവിധാന പദ്ധതി.

30) ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം.

31) മത്സ്യത്തൊഴിലാളി വനിതകൾക്കുള്ള ജൻഡർ സമത്വ പദ്ധതികൾ.

32) മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതികൾ.

33) ഓഖിയിൽ വീട് പൂർണ്ണമായും നഷ്ടപ്പെട്ടവരുടെ പുനരധിവാസം/ ഓഖിയിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്തവരുടെ കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം.

34) ഓഖിയിൽ യാനങ്ങൾ നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തവർക്ക് അർഹമായ ധനസഹായം.

35) വിഴിഞ്ഞത്ത് മത്സ്യസംസ്കരണ യൂണിറ്റ്.

36) ഓഖിയിൽ മരണമടയുകയോ കാണാതാവുകയോ ചെയ്തവരുടെ മക്കൾക്ക് പ്രത്യേക വിദ്യാഭ്യാസ സഹായ പദ്ധതി.

37) മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ മുന്നറിയിപ്പും അപകട മുന്നറിയിപ്പും നൽകുന്നതിന് നാവിക് ഉപകരണം.

38) മത്സ്യബന്ധന വലകളിൽ സ്ക്വയർ മെഷ് ഘടിപ്പിക്കുന്നതിന് ധനസഹായം.

39) 60 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ 900 മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട കടൽ സുരക്ഷാ സ്ക്വാഡ്.

40) മത്സ്യ സമ്പത്ത് സംരക്ഷണത്തിന് പ്രാദേശിക പങ്കാളിത്തം ഉറപ്പാക്കിയുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ.

41) മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകാൻ ധനസഹായം.

42) പച്ച മത്സ്യ വില്പന പ്രോത്സാഹിപ്പിക്കുവാൻ അന്തിപ്പച്ച.

43) ശുചിത്വ സാഗരം.

44) കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കളെ പുനരധിവസിപ്പിക്കാൻ പ്രത്യേക പാക്കേജ്.

45) തീരദേശത്തിന്റെ സമഗ്രവികസനത്തിനായി 2000 കോടി രൂപയുടെ പ്രത്യേക പദ്ധതി.

46) മത്സ്യത്തൊഴിലാളികളുടെ സമഗ്ര വിവരശേഖരണത്തിനായി ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - 2

ഭവന നിർമ്മാണ ധനസഹായം

| വർഷം | ആകെ എണ്ണം | എഗ്രിമെന്റ് വെച്ചത് | പൂർത്തിയാക്കിയത് |
|---|---|---|---|
| 2012-13 | 5773 | 5538 | 5487 |
| 2013-14 | 800 | 797 | 791 |
| 2014-15 | 3126 | 3123 | 3066 |
| 2015-16 | 5490 | 5377 | 5207 |

ടോയ്‌ലറ്റ് നിർമ്മാണം

| വർഷം | ആകെ എണ്ണം | എഗ്രിമെന്റ് വെച്ചത് | പൂർത്തിയാക്കിയത് |
|---|---|---|---|
| 2012-13 | 9696 | 4282 | 4195 |
| 2013-14 | 5619 | 5374 | 5339 |
| 2014-15 | 1529 | 1336 | 1320 |
| 2015-16 | 3600 | 3599 | 3495 |

ഭവന നവീകരണ ധനസഹായം

| വർഷം | ആകെ എണ്ണം | എഗ്രിമെന്റ് വെച്ചത് | പൂർത്തിയാക്കിയത് |
|---|---|---|---|
| 2013-14 | 2000 | 1951 | 1945 |
| 2014-15 | 1000 | 966 | 965 |
| 2015-16 | 3800 | 3662 | 3570 |

കട്ടമരം വാങ്ങുന്നതിനുളള ധനസഹായം

| വർഷം | ആകെ എണ്ണം | വാങ്ങിയവരുടെ എണ്ണം |
|---|---|---|
| 2012-13 | 400 | 284 |
| 2013-14 | 971 | 501 |
| 2014-15 | 569 | 0 |
| 2015-16 | 0 | 0 |

സമ്പാദ്യ സമാശ്വാസ പദ്ധതി

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്തൃ വിഹിതം (ലക്ഷത്തിൽ) | സർക്കാർ സഹായം (ലക്ഷത്തിൽ) |
|---|---|---|---|
| 2011-12 | 185843 | 1069.31945 | 1713.8649 |
| 2012-13 | 175401 | 1020.7870 | 2041.572 |
| 2013-14 | 184071 | 1025.932225 | 2117.9985 |
| 2014-15 | 187769 | 1640.474 | 3280.948 |
| 2015-16 | 183851 | 1655.00 | 3310.00 |

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിനടപ്പാക്കി വരുന്ന പെൻഷൻ ഇൻഷ്വറൻസ് പ്രീമിയം, തണൽ ധനസഹായം ഉൾപ്പെടെ വിവിധ ക്ഷേമ പദ്ധതികൾ

| വർഷം | തുക |
|---|---|
| 2011-12 | 323943860 |
| 2012-13 | 259529990 |
| 2013-14 | 498856342 |
| 2014-15 | 712444000 |
| 2015-16 | 849988924 |

മത്സ്യത്തൊഴിലാളി വനിതകൾക്കായി സാഫ് മുഖേന മുൻസർക്കാർ നൽകിയ സഹായങ്ങൾ താഴെച്ചേർക്കുന്നു.

| നം. | പദ്ധതികൾ | | 2011-12 | 2012-13 | 2013-14 | 2014-15 | 2015-16 | Total |
|---|---|---|---|---|---|---|---|---|
| 1 | ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം | യൂണിറ്റുകളുടെ എണ്ണം | 57 | 150 | 35 | 122 | 72 | 436 |
| | | ഗുണഭോക്താക്കളുടെ എണ്ണം | 171 | 450 | 105 | 366 | 216 | 1308 |
| 2 | വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് | യൂണിറ്റുകളുടെ എണ്ണം | 589 | 504 | 625 | 477 | 313 | 2508 |
| | | ഗുണഭോക്താക്കളുടെ എണ്ണം | 1767 | 1512 | 1875 | 1431 | 939 | 7524 |
| 3 | സാങ്കേതിക വിദ്യാ നവീകരണം | യൂണിറ്റുകളുടെ എണ്ണം | 0 | 0 | 0 | 215 | 28 | 243 |
| | | ഗുണഭോക്താക്കളുടെ എണ്ണം | 0 | 0 | 0 | 860 | 112 | 972 |
| 4 | തീരനൈപുണ്യ | ഗുണഭോക്താക്കളുടെ എണ്ണം | 0 | 0 | 0 | 0 | 452 | 452 |
| 5 | കപ്പാസിറ്റി ബിൽഡിംഗ് ട്രെയ്നിംഗ് | യൂണിറ്റുകളുടെ എണ്ണം | 268 | 468 | 540 | 654 | 719 | 2649 |
| | | ഗുണഭോക്താക്കളുടെ എണ്ണം | 804 | 1404 | 1620 | 1962 | 2158 | 7948 |
| 6 | ബ്രാന്റിംഗ് & മാർക്കറ്റിംഗ് | യൂണിറ്റുകളുടെ എണ്ണം | 66 | 115 | 106 | 85 | 192 | 564 |
| | | ഗുണഭോക്താക്കളുടെ എണ്ണം | 132 | 230 | 211 | 1169 | 383 | 2125 |
| 7 | മെഡിക്കൽ ക്യാമ്പ് | ഗുണഭോക്താക്കളുടെ എണ്ണം | 0 | 0 | 0 | 895 | 435 | 1330 |

ആകെ ഗുണഭോക്താക്കൾ : 21659 എണ്ണം

സെക്ഷൻ ഓഫീസർ

## അനുബന്ധം -3

### I. ഭവന പദ്ധതി

1. ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2016-17) 100 കോടി രൂപ

    എ) 800 മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം - 6 ലക്ഷം/ യൂണിറ്റ് - 706 പേർ സ്ഥലം രജിസ്റ്റർ ചെയ്തു.

    ബി) 2600 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായം - 2 ലക്ഷം/ യൂണിറ്റ് - എഗ്രിമെന്റിൽ ഏർപ്പെട്ട 2535 പേരിൽ 2303 പേർ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2. ബ്ലൂ റവല്യൂഷൻ ഭവന പദ്ധതി (2016-17) - 299 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായം - 2 ലക്ഷം / യൂണിറ്റ് - എഗ്രിമെന്റിൽ ഏർപ്പെട്ട 275 പേരിൽ 225 പേർ നിർമ്മാണം പൂർത്തീകരിച്ചു.

3. കടൽ ക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ ധനസഹായം. പ്രത്യേക പാക്കേജ് - 25 കോടി രൂപ - 248 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം.- 10 ലക്ഷം /യൂണിറ്റ് - 129 പേർ സ്ഥലം രജിസ്റ്റർ ചെയ്തിൽ 117 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു.

4. ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2016-17) ഭവന നവീകരണം - 20 കോടി രൂപ 4000 പേർക്ക് ധനസഹായം.

5. ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2016-17) കോളനി നവീകരണം

    എ) 250 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായം

    ബി) 500 മത്സ്യത്തൊഴിലാളികൾക്ക് ഭവന നവീകരണ ധനസഹായം

6. ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2016-17) - സാനിട്ടേഷൻ

    ടോയ്‌ലറ്റ് നിർമ്മാണ ധനസഹായം - 297.5 ലക്ഷം രൂപ - 1700 പേർക്ക് ധനസഹായം.

7. ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2016-17) - പുനർ വൈദ്യുതീകരണം -8 കോടി 400 പേർക്ക് ധനസഹായം

8. ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2017-18) ഭവന പദ്ധതി - 150 കോടി രൂപ തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന വരുടെ പുനരധിവാസം

    എ) 750 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം 10 ലക്ഷം / യൂണിറ്റ് - 75 കോടി രൂപ - 449 പേർ സ്ഥലം വാങ്ങുകയും 253 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു. മറ്റുള്ളവർ വിവിധ സ്റ്റേജുകളിലാണ്.

    ബി) 1200 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായം - 4 ലക്ഷം/ യൂണിറ്റ്. -48 കോടി - 879 പേർ എഗ്രിമെന്റിൽ ഏർപ്പെട്ടതിൽ 579 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചു.

    സി) ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് - 7 കോടി രൂപ - തിരുവനന്തപുരം കാരോട് വില്ലേജിൽ 1.05 ഹെക്ടർ സ്ഥലം ഏറ്റെടുത്തു.

ഡി ) ഫ്ളാറ്റ് നിർമ്മാണം - 20 കോടി - തിരുവനന്തപുരം മുട്ടത്തറയിൽ 192 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുളള ഫ്ളാറ്റ് സമുച്ചയം നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കൈമാറി.

9. ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2018-19) ഭവന പദ്ധതി - 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 92 ഫ്ളാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണം, 78.20 കോടി രൂപ അടങ്കലിലുള്ള പദ്ധതി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലാണ് ഫ്ളാറ്റ് അപ്പാർട്ട്മെൻറുകൾ നിർമ്മിക്കുന്നത്.

10. കടൽ സുരക്ഷാ ഉപകരണങ്ങൾ - 566 ജി.പി.എസ് , 1132 ലൈഫ് ബോയ് , 32856 ലൈഫ് ജാക്കറ്റ്, 925 നാവിക് ഉപകരണങ്ങൾ, 104 സാറ്റലൈറ്റ് ഫോൺ എന്നിവ വിതരണം ചെയ്തു.

11. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 192 വ്യക്തിഗത ഫ്ലാറ്റുകൾ ഉൾപ്പെടുന്ന മുട്ടത്തറയിലെ ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ചു നൽകിയത്.

## II. സമ്പാദ്യ സമാശ്വാസ പദ്ധതി

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ഗുണഭോക്തൃ വിഹിതം (ലക്ഷത്തിൽ) | സർക്കാർ സഹായം (ലക്ഷത്തിൽ) |
|---|---|---|---|
| 2016-17 | 186510 | 2797.65 | 5595.30 |
| 2017-18 | 196415 | 2828.62 | 5657.25 |
| 2018-19 | 195817 | 2809.28 | 5618.55 |

ധനസഹായ തുക 2700 രൂപയിൽ നിന്നും 4500 രൂപയായി വർദ്ധിപ്പിച്ചു.

## III. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിനടപ്പാക്കി വരുന്ന പെൻഷൻ ഇൻഷ്വറൻസ് പ്രീമിയം, തണൽ ധനസഹായം ഉൾപ്പെടെ വിവിധ ക്ഷേമ പദ്ധതികൾ

| വർഷം | വിവിധ ക്ഷേമ പദ്ധതികൾക്ക് വിതരണം ചെയ്ത തുക |
|---|---|
| 2016-17 | 930639215 |
| 2017-18 | 1143956741 |
| 2018-19 | 1242124002 |

## IV. മത്സ്യത്തൊഴിലാളി വനിതകൾക്കായി സാഫ് മുഖേന നൽകി വരുന്ന സഹായങ്ങൾ

| നം. | പദ്ധതികൾ | | 2016-17 | 2017-18 | 2018-19 | 2019 -20 | ആകെ |
|---|---|---|---|---|---|---|---|
| 1 | ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം | യൂണിറ്റുകളുടെ എണ്ണം | 99 | 68 | 347 | | 514 |
| | | ഗുണഭോക്താക്കളുടെ എണ്ണം | 297 | 204 | 1009 | | 1510 |
| | | ചെലവഴിച്ച തുക | **135.04** | **117.48** | **733.55** | | 986.07 |
| 2 | വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്. | യൂണിറ്റുകളുടെ എണ്ണം | 388 | 276 | 487 | 298 | 1449 |
| | | ഗുണഭോക്താക്കളുടെ എണ്ണം | 1164 | 828 | 1461 | 894 | 4347 |
| | | ചെലവഴിച്ച തുക | **151.15** | **103.46** | **162.73** | **102.48** | **519.82** |
| 3 | സാങ്കേതിക വിദ്യാ നവീകരണം | യൂണിറ്റുകളുടെ എണ്ണം | 10 | 124 | 144 | 25 | 303 |
| | | ഗുണഭോക്താക്കളുടെ എണ്ണം | 40 | 496 | 576 | 100 | 1212 |
| | | ചെലവഴിച്ച തുക | **2.45** | **28.94** | **38.55** | **6.41** | 76.36 |
| 4 | തീരനൈപുണ്യ | ഗുണഭോക്താക്കളുടെ എണ്ണം | 375 | 674 | 205 | | 1254 |
| | | ചെലവഴിച്ച തുക | **58.55** | **78.63** | **36.47** | | 173.64 |
| 5 | കപ്പാസിറ്റി ബിൽഡിംഗ് ട്രെയ്നിംഗ് | യൂണിറ്റുകളുടെ എണ്ണം | 939 | 1112 | 907 | 872 | 3830 |
| | | ഗുണഭോക്താക്കളുടെ എണ്ണം | 2818 | 3336 | 2721 | 2986 | 11861 |
| | | ചെലവഴിച്ച തുക | **15.02** | **39.28** | **57.07** | **20.22** | 131.59 |
| 6 | ബ്രാന്റിംഗ് & മാർക്കറ്റിംഗ് | യൂണിറ്റുകളുടെ എണ്ണം | 93 | 157 | 725 | 67 | 1042 |
| | | ഗുണഭോക്താക്കളുടെ എണ്ണം | 280 | 471 | 2743 | 586 | 4080 |
| | | ചെലവഴിച്ച തുക | **13.98** | **23.51** | **26.78** | **5.80** | **70.07** |
| 7 | മെഡിക്കൽ ക്യാമ്പ് | ഗുണഭോക്താക്കളുടെ എണ്ണം | 876 | 986 | 10023 | | 11885 |
| | | ചെലവഴിച്ച തുക | **7.30** | **21.64** | **20.00** | | 48.94 |

ആകെ ഗുണഭോക്താക്കൾ : 36149 എണ്ണം

ആകെ ചെലവ് : 2006.49 ലക്ഷം രൂപ

**സെക്ഷൻ ഓഫീസർ**